ഉത്തരം

(എ) ന്യൂ ചിട്ടി ലോൺ, പാസ്സ് ബുക്ക് ലോൺ, ന്യൂ ഹൗസിംഗ് ഫൈനാൻസ് സ്കീം, ഹൗസിംഗ് മോഡേണൈസേഷൻ സ്കീം, റിലയബിൾ കസ്റ്റമേഴ്സ് ലോൺ സ്കീം, കസ്റ്റമേഴ്സ് വെഹിക്കിൾ ലോൺ സ്കീം, ട്രേഡ് ഫൈനാൻസ് സ്കീം, ഗോൾഡ് ലോൺ, ഹയർ പർച്ചേസ് ലോൺ എന്നീ ഇനങ്ങളിൽ കുടിശ്ശിക പിരിഞ്ഞു കിട്ടാനുണ്ട്.

(ബി) റവന്യൂ റിക്കവറി കുടിശ്ശിക .. 7,089 ലക്ഷം രൂപ (31-3-2003 വരെ)
റവന്യൂ റിക്കവറിയേതര കുടിശ്ശിക .. 8,176 ലക്ഷം രൂപ (30-9-2003 വരെ)
ആകെ .. 152 കോടി 65 ലക്ഷം രൂപ

(സി) 4 വർഷത്തിൽ കൂടുതൽ പഴക്കമുണ്ട്.

(ഡി)

	സ്കീം	പലിശ	പിഴപ്പലിശ
1.	ന്യൂ ചിട്ടി ലോൺ	14% 15% 16%	+2%
2.	പാസ് ബുക്ക് ലോൺ	13% 14% 15%	14%/15%
3.	ന്യൂ ഹൗസിംഗ് ഫൈനാൻസ് സ്കീം	9.5% 10%	18%
4.	ഹയർ പർച്ചേസ്	8.5%	18%
5.	ഹൗസിംഗ് മോഡേണൈസേഷൻ സ്കീം	9.5% 10%	18%
6.	റിലയബിൾ കസ്റ്റമേർസ് ലോൺ	10%	18%
7.	കസ്റ്റമേഴ്സ് വെഹിക്കിൾ ലോൺ സ്കീം	13%	15%
8.	ട്രേഡ് ഫൈനാൻസ് സ്കീം	13%	18%
9.	ഗോൾഡ് ലോൺ	11%	12%

(ഇ) ഉണ്ട്.

(എഫ്) 'ഇ' യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല.

ചിട്ടി നടത്തുന്നതിനുവേണ്ടി കെ.എസ്.എഫ്.ഇ. ഡെപ്പോസിറ്റ് ചെയ്ത തുക

22 [5476] ശ്രീ. പി. ജെ. ജോയി:
,, എം. എ. ചന്ദ്രശേഖരൻ:
,, എൻ. ശക്തൻ:
,, എൻ. ഡി. അപ്പച്ചൻ:
,, തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിട്ടി നടത്തുന്നതിനുവേണ്ടി കെ.എസ്.എഫ്.ഇ. എന്തു തുക 30-6-2003-ലെ കണക്കനുസരിച്ച് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്;

(ബി) ഇതിൽ വട്ടമെത്തിയ ചിട്ടികളെ സംബന്ധിക്കുന്ന ഡെപ്പോസിറ്റ് തുക പ്രസ്തുത തീയതിയിൽ എത്രയെന്ന് വിശദീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എന്നു മുതൽ വട്ടമെത്തിയ ചിട്ടികളുടെ ഡെപ്പോസിറ്റ് തുക ഇതിൽ ഉൾപ്പെടുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) വട്ടമെത്തിയ ചിട്ടികളുടെ കണക്ക് ഓഡിറ്റ് ചെയ്ത് ചിട്ടി രജിസ്ട്രാർക്ക് സമർപ്പിച്ച് അവയുടെ ഡെപ്പോസിറ്റ് തുക റിലീസ് ചെയ്യിക്കാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ചിട്ടി നടത്തുന്നതിനുവേണ്ടി 30-6-2003-ലെ കണക്കനുസരിച്ച് കെ.എസ്.എഫ്.ഇ. 192.29 കോടി രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത തീയതിയിൽ വട്ടമെത്തിയ ചിട്ടികളുടെ മാത്രം ഡെപ്പോസിറ്റ് തുക 57.51 കോടി രൂപയാണ്.

(സി) 1987 മുതൽ വട്ടമെത്തിയ ചിട്ടികളുടെ ഡെപ്പോസിറ്റ് തുക ഇതിൽപ്പെടുന്നു.

(ഡി) രജിസ്ട്രാർ ഓഫീസിലെയും ഗസറ്റ് നോട്ടിഫിക്കേഷനുവേണ്ടിയുള്ള നടപടി ക്രമങ്ങൾ പൂർത്തീകരിക്കുന്നതിലെ കാലതാമസവും മൂലമാണ് ഡെപ്പോസിറ്റ് തുക റിലീസ് ചെയ്യാൻ വൈകുന്നത്. ഇത് ത്വരിതപ്പെടുത്തുവാൻ വേണ്ട നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

മുടക്കുന്ന തവണകൾക്ക് പലിശ ഈടാക്കുന്ന നടപടി നിർത്തലാക്കാൻ നടപടി

23 [5477] ശ്രീ. കെ. എ. ചന്ദ്രൻ:
,, കെ. മോഹൻകുമാർ:
,, പ്രയാർ ഗോപാലകൃഷ്ണൻ:
,, ജി. പ്രതാപവർമ്മ തമ്പാൻ:
,, എ. പി. അനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. ഒഴിച്ച് സംസ്ഥാനത്ത് ചിട്ടി നടത്തുന്ന സ്വകാര്യ വ്യക്തികളെയോ കമ്പനികളെയോ സംബന്ധിച്ചിടത്തോളം ചിട്ടി പിടിക്കാത്ത ചിറ്റാളന്മാർ ചിട്ടി തവണ മുടക്കുന്നപക്ഷം മുടക്കിയ തവണകൾക്ക് പലിശ ഈടാക്കാറുണ്ടോ;

(ബി) അപ്രകാരമുള്ള തവണകൾക്ക് അവർ വീതപലിശ നൽകാറുണ്ടോ; കെ.എസ്.എഫ്.ഇ. നടത്തുന്ന ചിട്ടികളെ സംബന്ധിക്കുന്നിടത്തോളം ചിട്ടി പിടിക്കാത്ത ചിറ്റാളൻ ചിട്ടി തവണ മുടക്കുന്നപക്ഷം മുടക്കിയ തവണകൾക്ക് പലിശ ഈടാക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്ര ശതമാനമെന്ന് പറയുമോ;

(ഡി) അപ്രകാരമുള്ള തവണകൾക്ക് കെ.എസ്.എഫ്.ഇ. വീതപലിശ നൽകുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

LIBRARY ARCHIVES Kerala Legislative Assembly